നിർദ്ദേശം കൊടുക്കുകയും ഈ വിഗ്രഹം കണ്ടുപിടിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : പാലക്കാട്ടെ മണ്ണാർക്കാട് ശ്രീധർമ്മൻക്ഷേത്രത്തിൽ 25.5.99 രാത്രി ഏതോ മോഷ്ടാക്കൾ കടന്നുകയറി പഞ്ചലോഹനിർമ്മിതവും 50,000 രൂപ വിലമതിക്കുന്നതുമായ പാഞ്ചാലിയമ്മൻ വിഗ്രഹവും, ഓടുകൊണ്ടു നിർമ്മിച്ചിട്ടുള്ള 25,000 രൂപ വിലമതിക്കുന്ന മറ്റ് മൂന്ന് വിഗ്രഹങ്ങളും മോഷ്ടിച്ചുകൊണ്ടുപോയതായി കണ്ടു. ഇക്കാര്യത്തിൽ ക്രൈം 428/99 ആയി മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. വിരലടയാള വിദഗ്ദ്ധൻമാരെ വരുത്തി പരിശോധന നടത്തിപോയി. പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളതാണ്. മണ്ണാർക്കാട് പോലീസ് സി.ഐ.യുടെ നേതൃത്വത്തിൽ ഒരു സ്കാഡ് രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്. അന്വേഷണം ത്വരിതപ്പെടുത്താൻ പാലക്കാട് എസ്.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) നേമം നിയോജകമണ്ഡലത്തിലെ പോങ്ങുംമൂട് പോലീസ് ഔട്ട്പോസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനായിട്ട് ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, നേമം നിയോജകമണ്ഡലത്തിലെ മലയിൻകീഴ്, വിളവൂർക്കൽ, മാറനല്ലൂർ, പള്ളിച്ചൽ പഞ്ചായത്തുകളുടെ കുറെ ഭാഗങ്ങൾ ഉൾപ്പെട്ട മലയിൻകീഴ് പോലീസ് സ്റ്റേഷൻ അതിർത്തി അതിവിസ്തൃതമായ ഈ പ്രദേശത്ത് ക്രമസമാധാന നില തന്നെ പലപ്പോഴും തകരാറിലാകുന്ന സ്ഥിതിയുണ്ട്. അതുകൊണ്ടുതന്നെ 20 വർഷങ്ങൾക്കുമുമ്പ് മാറനല്ലൂർ പഞ്ചായത്തിലെ പോങ്ങുംമൂട് കേന്ദ്രീകരിച്ച് ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുകയുണ്ടായി. ഈ ഔട്ട്പോസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനാക്കി ഉയർത്തണമെന്നു പറഞ്ഞുകൊണ്ട് ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭകളിലും പലപ്പോഴും തീരുമാനമെടുക്കുകയും ചെയ്തു. എത്രയും വൈകാതെ ഈ പോങ്ങുംമൂട് പോലീസ് ഔട്ട്പോസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനായിട്ട് മാറ്റുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ പോങ്ങുംമൂട് പോലീസ് ഔട്ട്പോസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനായിട്ട് ഉയർത്തുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(4) വൈക്കത്ത് രാമകൃഷ്ണൻ എന്ന ആളിന്റെ മകൻ ദേവകുമാറിന്റെയും മകൾ സൂഷമയുടെയും കൊലപാതകം

ശ്രീ. പി. നാരായണൻ : സർ, വൈക്കം വെച്ചൂർ റോഡിൽ മാരാമ്മൂട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഓരത്തുവച്ച് ബൈൻസ് കാറിൽ ഉണ്ടായ അപകടത്തിൽ അരുണാപുരം രാമകൃഷ്ണന്റെ മകൻ ദേവകുമാർ 29 മരണപ്പെട്ടു. അതൊരു കൊലപാതകമാണെന്നാണ് പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ തെളിഞ്ഞിരിക്കുന്നത്. അതിന്റെ രണ്ടാം ദിവസം ദേവകുമാറിന്റെ സഹോദരി സൂഷമയുടെ മൃതദേഹം മീനച്ചിൽ ആറിൽ കണ്ടെത്തി. അതും കൊലപാതകമാണെന്നാണ് സംശയിക്കുന്നത്. അതിന്റെ പിന്നിൽ പ്രവർത്തിച്ചത് പാലാക്കാരനായ ഉണ്ണി എന്ന ബ്ലേഡ് കമ്പനിക്കാരനാണ്. അയാൾ ഇന്ന് എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വിശ്രമിച്ചുവരികയാണ്. അടിയന്തിരമായി ഈ കൊലപാതകത്തിനു പിന്നിൽ പ്രവർത്തിച്ച ഉണ്ണിയെയും കൂട്ടരെയും ഉടനെ അറസ്റ്റ് ചെയ്യണമെന്നും ഈ ആസൂത്രിതമായ കൊലപാതകത്തിനുപിന്നിൽ പ്രവർത്തിച്ച മുഴുവൻ ആളുകളുടെയും പേരിൽ നിയമം അനുശാസിക്കുന്ന എല്ലാ കർശന നടപടികളും കൈക്കൊള്ളണമെന്നും ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കോട്ടയം പുലിയന്നൂർ വില്ലേജിൽ അരുണപുരം മണിത്താനത്ത് ഉദ്ദേശം 29 വയസ്സുള്ള ദേവകുമാർ 13.6.99-ന് രാത്രി 12.30 മണിയോടുകൂടി വൈക്കം വെച്ചൂർ റോഡിൽ അട്ടപ്പാറ പാലത്തിനു സമീപം കെ.എൽ.ജി. 4768-ാം നമ്പർ കാർ മറിഞ്ഞ് പരിക്ക് പറ്റി മരണപ്പെട്ടതായി കാണപ്പെട്ടു. വൈക്കം പോലീസ് സ്റ്റേഷനിൽ ക്രൈം 270/99-ാം നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ അത് കൊലപാതകമാണെന്ന് വെളിപ്പെട്ടതിനാൽ ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് കോടതിക്ക് റിപ്പോർട്ടു നൽകി. വളരെ ആസൂത്രിതമായി നടന്ന ഈ കൊലപാതകത്തിലെ പ്രതികളെ കണ്ടുപിടിക്കാൻ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. ദേവകുമാറിന്റെ മരണവിവരം അറിഞ്ഞ് സഹോദരി സുഷമയ്ക്ക് മാനസിക അസ്വസ്ഥത ഉണ്ടായി. 15.6.99-ന് രാവിലെ 6 മണി മുതൽ സുഷമയെ കാണാനില്ലെന്ന് പറഞ്ഞ് പിതാവ് രാമകൃഷ്ണൻ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ പാല സ്റ്റേഷനിൽ ക്രൈം 238/99-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി. 17.6.99-ന് പകൽ രണ്ട് മണിക്ക് കിടങ്ങൂർ ഓലടിയിൽ സ്കറിയ എന്ന ആളുടെ വക റബ്ബർ തോട്ടത്തിന്റെ വടക്കേവശം മീനച്ചിൽ ആറിൽ നിൽക്കുന്ന ഒരു ആറ്റുവഞ്ചിയിൽ സുഷമയുടെ മൃതദേഹം ഉടക്കി നിൽക്കുന്നതായി കാണപ്പെട്ടു. ഈ രണ്ട് കേസുകളും കോട്ടയം എസ്.പി.യുടെ മേൽനോട്ടത്തിൽ പാല ഡിവൈ. എസ്.പി. നേതൃത്വം നൽകുന്ന രണ്ട് പ്രത്യേക സ്ക്വാഡുകൾ അന്വേഷിച്ചുവരികയാണ്. കേസുകളെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ അന്വേഷണത്തിൽ ലഭിച്ച വിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. കാര്യക്ഷമമായ രീതിയിൽ കേസിന്റെ അന്വേഷണം നടന്നുവരുന്നു.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ശ്രീമതി ശൈലജടീച്ചറും നോട്ടീസ് തന്നിട്ടുണ്ട്.

(5) പായം, അയ്യൻകുന്ന്, ആറളം പ്രദേശത്ത് കാട്ടാനശല്യംമൂലമുണ്ടായ കൃഷിനാശം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ പായം, അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളിൽപ്പെട്ട വനത്തോട് ചേർന്ന് കിടക്കുന്ന കച്ചേരിക്കടവ്, പാലത്തിൻകടവ്, പാത്തിപ്പാറ, ആറളം ഫാം പരിസരം എന്നീ പ്രദേശങ്ങളിൽ കാട്ടാനകളുടെയും മറ്റ് വന്യ ജീവികളുടെയും ശല്യം കാരണം വ്യാപകമായ കൃഷിനാശം വരുന്നുണ്ട്. ജനങ്ങളെ ഉപദ്രവിക്കുകയും ചെയ്യുന്നു. ഇതുമൂലം കൃഷി നഷ്ടപ്പെടുന്ന കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മൂന്നുമാസം മുമ്പ് പേരട്ട എന്ന പ്രദേശത്ത് കാട്ടാന വന്ന് ഒരാളെ ചവിട്ടി കൊല്ലുകയുണ്ടായി. വ്യാപകമായ കൃഷിനാശം ഈ വന്യജീവികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ ഇപ്പോൾ കൃഷി ചെയ്യാൻ പോലും പ്രയാസമായിരിക്കുന്നു. ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly